(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്ക് വേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കോടി രൂപ വകകൊള്ളിച്ചിരുന്നുവെന്നും അവയിൽ എത്ര കോടി രൂപ ഈ ആവശ്യത്തിന് വേണ്ടി വിനിയോഗിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒമ്പതു സ്ഥാപനങ്ങളുടെ പ്രവർത്തനം നിറുത്തിയിട്ടുണ്ട്. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ, കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്, കോഴിക്കോട്, കേരള സെറാമിക്സിന്റെ പോഴ്സലൈൻ ഡിവിഷൻ, കേരള സ്റ്റേറ്റ് ടെക്സ്റ്റൈയിൽസ് കോർപ്പറേഷന്റെ ഒരു യൂണിറ്റായ മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, കേരള കൺസ്ട്രക്ഷൻ കംപോണന്റ്സ് ലിമിറ്റഡ്, മെട്രോപൊളിറ്റൻ എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, കെൽട്രോൺ റെക്ടിഫയേഴ്സ് ലിമിറ്റഡ്, സ്കൂട്ടേഴ്സ് കേരള ലിമിറ്റഡ്, കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ ഒലവക്കോട് യൂണിറ്റ് എന്നിവയാണ് നിർത്തലാക്കിയ വ്യവസായ സംരംഭങ്ങൾ.

(ബി) തുടർച്ചയായി ധനസഹായം നൽകിയിട്ടും കൂടുതൽ നഷ്ടം ഉണ്ടാക്കിക്കൊണ്ടിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളാണ് എന്റർപ്രൈസ് റിഫോംസ് കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് അടച്ചുപൂട്ടാൻ തീരുമാനിച്ചിട്ടുള്ളത്.

(സി) ഇല്ല.

(ഡി) 2003-2004 സാമ്പത്തിക വർഷത്തിൽ 84 കോടി രൂപ അനുവദിച്ചിരുന്നു. 84.06 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

ജിമ്മിലൂടെ വന്ന വ്യവസായങ്ങൾ

9 [463] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിം നടത്തുവാനായി സർക്കാരും സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളും മൊത്തത്തിൽ ചെലവിട്ട തുക എത്രയാണെന്നും സർക്കാർ നേരിട്ടും സ്ഥാപനങ്ങൾ ഓരോന്നും പ്രത്യേകിച്ചും ചെലവിട്ട തുക എത്രയാണെന്നും തരംതിരിച്ച് വിവരം ലഭ്യമാക്കുമോ;

(ബി) ജിമ്മിലൂടെ സംസ്ഥാനത്ത് എത്ര വ്യവസായങ്ങൾ ആരംഭിച്ചു എന്നും അവ ഏതെല്ലാമാണെന്നും എത്ര രൂപ മുതൽമുടക്കുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) ജിമ്മുമായി ബന്ധപ്പെട്ട് എത്ര വിദേശ യാത്രകൾ നടത്തിയെന്നും ആരൊക്കെയാണ് യാത്ര ചെയ്തതെന്നും ആയതിന് എത്ര തുക ചെലവിട്ടു എന്നും അറിയിക്കാമോ;

(ഡി) ജിം നടത്തിയതിനുശേഷം ആയതിന്റെ ഫലത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പഠന റിപ്പോർട്ട് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജിം നടത്തുവാനായി കെ.എസ്.ഐ.ഡി.സി.-യ്ക്ക് 5,46,94,550 രൂപ ചെലവായിട്ടുണ്ട്. അതിൽ 5 കോടി രൂപ സർക്കാരിൽ നിന്നും നൽകിയതാണ് കെ.എസ്.ഐ.ഡി.സി. പ്രത്യേകിച്ച് ചെലവിട്ടത് 46,94,550 രൂപയാണ്. സമ്മേളനം നടത്തിയതിന്റെ മുന്നോടിയായി അമേരിക്കയിൽ റോഡുഷോകളും മറ്റും നടത്തിയതിന്റെ ഭാഗമായി യാത്രാ ചെലവിനത്തിൽ 5,63,984 രൂപ ഐ.റ്റി. മിഷൻ ഫണ്ടിൽ നിന്നും ചെലവായിട്ടുണ്ട്.

(ബി) ജിമ്മിലൂടെ വന്ന പദ്ധതികളിൽ പ്രവർത്തനം തുടങ്ങിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.†

(സി) ജിമ്മുമായി ബന്ധപ്പെട്ട് നടത്തിയ യാത്രകളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.†

(ഡി) പഠനം നടത്തിയിട്ടില്ല.

പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുവാൻ നടപടി

10 [464] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പരമ്പരാഗത വ്യവസായങ്ങളുടെ പരിരക്ഷയ്ക്കുവേണ്ടി എന്തെല്ലാം നടപടികൾ നാളിതുവരെ കൈക്കൊണ്ടിട്ടുണ്ട്;

(ബി) ഇനി എന്തെല്ലാം പരിപാടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നു എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) പരമ്പരാഗത വ്യവസായങ്ങളുടെ പരിരക്ഷയ്ക്കു വേണ്ടി മൂന്നു വർഷങ്ങളിലായി നടപ്പിലാക്കാനുദ്ദേശിക്കുന്ന 500 കോടി രൂപയുടെ ഒരു പരമ്പരാഗത സഹായനിധി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതിനുവേണ്ടി 2003-2004 വർഷത്തിൽ 50 കോടി വകയിരുത്തുകയുണ്ടായി.

കയർ മേഖലയിൽ ഗവേഷണം വികസനം, പഠനം, പൊതുസേവന സഹായ സ്ഥാപനം, മാർജിൻ മണി വായ്പ തുടങ്ങിയ പദ്ധതികൾ ആവിഷ്ക്കരിച്ചു.

കശുവണ്ടി മേഖലയിൽ കശുവണ്ടി വികസന കോർപ്പറേഷന് ബാങ്കുകൾക്കുള്ള ബാധ്യതയായ 107.57 ലക്ഷം രൂപ പലിശ സഹിതം 5 വാർഷിക ഗഡുക്കളായി നൽകാൻ സർക്കാർ ഉത്തരവായി. ടി തുക അടച്ച് വായ്പ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly